പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 953 — 30/6/2011-ൽ മറുപടിക്ക്

# അമ്പലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി-പിന്നോക്ക-ന്യൂനപക്ഷ വിഭാഗങ്ങൾ തിങ്ങി പാർക്കുന്ന പ്രദേശങ്ങളുടെ അടിസ്ഥാന വികസനം

ചോദ്യം — മറുപടി

ശ്രീ. ജി. സുധാകരൻ :

ശ്രീ. എ. പി. അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുതിയ അമ്പലപ്പുഴ മണ്ഡലത്തിലെ പട്ടികജാതി - പിന്നോക്ക - ന്യൂനപക്ഷ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ നല്ല റോഡുകൾ, കുടിവെള്ളം, വൈദ്യുതി, പാർപ്പിട സൗകര്യം എന്നിവ ഇനിയും ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ അവ ലഭ്യമാക്കുന്നതിന് നഗരസഭയുടെയും പഞ്ചായത്തുകളുടെയും സഹായത്തോടെ ഒരു പദ്ധതി തയ്യാറാക്കുമോ ; | (എ) | പരിശോധിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി തയ്യാറാക്കി നടപ്പിലാക്കുന്നതിന് ഒരു ഉന്നതതല യോഗം അമ്പലപ്പുഴ മണ്ഡലത്തിൽ വിളിച്ചു ചേർക്കുമോ ; | (ബി) | അമ്പലപ്പുഴ മണ്ഡലത്തിൽ പട്ടികജാതി കോളനികളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് 21/6/11 ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ യോഗം കൂടി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഭവന നിർമ്മാണ പ്രശ്നം പട്ടികജാതി വികസന സ്കീമിലും പഞ്ചായത്ത് പ്രോജക്ടിലും ഉൾപ്പെടുത്തി പരിഹരിക്കാവുന്നതാണ്. |
| (സി) | അമ്പലപ്പുഴ മണ്ഡലത്തിലുള്ള അംബേദ്കർ സ്കൂൾ (പുന്നപ്ര വടക്ക്) പട്ടികജാതി വിദ്യാർത്ഥികളുടെ ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ നിന്ന് എന്തെല്ലാം ആവശ്യങ്ങളാണ് ഉന്നയിക്കപ്പെട്ടിട്ടുള്ളത് ; | (സി) | 1) അമ്പലപ്പുഴ പ്രീ മെട്രിക് ഹോസ്റ്റലിൽ ട്യൂബ് വെൽ നിർമ്മിക്കുന്നതിന് 5,94,126/- രൂപ അനുവദിക്കുകയും 5,06,995/- രൂപ ചെലവിൽ ട്യൂബ് വെൽ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.<br>2) ജില്ലയിലെ പ്രീ മെട്രിക് ഹോസ്റ്റലുകളിൽ മഴവെള്ള സംഭരണി നിർമ്മിക്കുന്നതിനുള്ള 2,15,100/- രൂപയുടെ പദ്ധതി ബ്ലോക്ക് |

| | | | |
|---|---|---|---|
| | | | പഞ്ചായത്തുകളുടെ എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>3) പുന്നപ്ര എം.ആർ.എസ്. - ൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള 4,50,000/- രൂപയുടെ പ്രൊപ്പോസൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയിലാണ്.<br>4) പുന്നപ്ര എം.ആർ.എസിൽ സോക്ക്പിറ്റ് സ്ഥാപിക്കുന്നതിനുള്ള 1,00,000/- രൂപയുടെ പ്രൊപ്പോസലും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയിലാണ്.<br>5) പുന്നപ്ര എം.ആർ.എസ്. - ലെ ക്വാർട്ടേഴ്സിന്റെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് 28,575/- രൂപയുടെ പ്രൊപ്പോസലിന് അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | അവ നിറവേറ്റാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ? | (ഡി) | അമ്പലപ്പുഴ പ്രീ മെട്രിക് ഹോസ്റ്റലിൽ ട്യൂബ് വെൽ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മറ്റുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.